കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015" വിവിധതരം സർക്കാർ ഭൂമികൾ ഉപയോഗപ്പെടുത്തുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള 05.08.2013-ലെ സ.ഉ. (കൈ.) നം. 328/2013/ റവ. നമ്പർ ഉത്തരവിൽ ഭേദഗതി വരുത്തി - ഉത്തരവാകുന്നു.

==================================================================

റവന്യൂ(എ) വകുപ്പ്

സ.ഉ. (കൈ.) നം. 122/2014/റവന്യൂ തീയതി, തിരുവനന്തപുരം, 24.02.2014

==================================================================

പരാമർശം : 05.08.2013ലെ സ.ഉ. (കൈ.) നം. 328/ 2013 / റവന്യൂ

<u>ഉത്തരവ്</u>

"ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015"- ൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമി കൂടാതെ അന്യം നിൽപ്പ് ഭൂമി (Escheat Land), മിച്ച ഭൂമി (Surplus Land), അഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ബോട്ട്-ഇൻ-ലാന്റ് (Bought-in-Land) എന്നിവയിൽ കൂടി ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പട്ടയം വിതരണം ചെയ്യേണ്ടതാണെന്ന് മേൽ പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 2- ൽ താഴെ പറയുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(2) "ഭൂരഹിതരില്ലാത്ത കേരളം പദ്ധതി -2015"- ൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമി കൂടാതെ അന്യം നിൽപ്പ് ഭൂമി (Escheat Land), മിച്ച ഭൂമി (Surplus Land), ഭൂമി ഏറ്റെടുത്ത് അഞ്ച് വർഷം കഴിഞ്ഞതും കോടതി മുമ്പാകെയോ സർക്കാർ മുമ്പാകെയോ പരാതികളൊന്നും നിലവിലില്ലാത്തതുമായ സർക്കാർ വകുപ്പുകൾ അതോറിറ്റിയായിട്ടുള്ള ബോട്ട് -ഇൻ-ലാന്റ് (Bought-in-Land) മാത്രം എന്നിവയിൽ കൂടി പട്ടയം വിതരണം ചെയ്യേണ്ടതാണ്.

(3) പരാമർശത്തിലെ സർക്കാർ ഉത്തരവ് മേൽപ്പറഞ്ഞ പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ടി.വി.വിജയകുമാർ
അഡീഷണൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ഡയറക്ടർ, സർവ്വേ & ലാന്റ് റിക്കോർഡ്സ്, തിരുവനന്തപുരം.
3. ജോയിന്റ്കമ്മീഷണർ (ലാന്റ് റവന്യൂ) & സ്പെഷ്യൽ ഓഫീസർ (സീറോ ലാന്റ് ലെസ് പ്രോജക്ട്), തിരുവനന്തപുരം.
4. അസിസ്റ്റന്റ് കമ്മീഷ്ണർ (ലാന്റ് അസൈൻമെന്റ്) & സ്പെഷ്യൽ ഓഫീസർ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക്, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. എല്ലാ ജില്ലാ കളക്ടർമാർക്കും.
7. ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ